


# തൊഴിൽ പരിശീലനം നേടാൻ താത്പര്യമുള്ളവരെ കണ്ടെത്താനായി പ്രത്യേക ക്യാമ്പെയ്ൻ

റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി കുടുംബശ്രീയിലൂടെ 250 കോടി രൂപയുടെ ഉപജീവന പാക്കേജാണ് നടപ്പിലാക്കുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ Making an Impact 116 ൽ എഴുതിയിരുന്നുവല്ലോ. ഇതിന്റെ ഭാഗമായി 10,000 യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി, തൊഴിൽ ലഭ്യമാക്കുന്ന യുവകേരളം എന്ന പദ്ധതി ആസൂത്രണം ചെയ്ത് ഞങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. 250 കോടിയിൽ 60 കോടിയാണ് യുവകേരളം പരിശീലന പദ്ധതിക്കായി വകയിരുത്തിയ തുക

കോവിഡ് ബാധ തടയുന്നതിനായി ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയതോടെ യുവകേരളം പദ്ധതിയുടെ ഭാഗമായുള്ള പരിശീലനം ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. 40 പരിശീലന ഏജൻസികളിലൂടെയാണ് പരിശീലനം നടക്കുന്നത്. ഈ 40 ഏജൻസികളിൽ 35 ഏജൻസികൾ ആദ്യഘട്ട പരിശീലനം നൽകി തുടങ്ങിക്കഴിഞ്ഞു. ശേഷിച്ച ഏജൻസികൾ ഫെബ്രുവരി 15നകം പരിശീലനം ആരംഭിക്കും. എല്ലാ ഏജൻസികളും ചേർന്ന് ഒന്നാംഘട്ടത്തിൽ 2000 കുട്ടികൾക്കാണ് പരിശീലനം നൽകുക. മൂന്ന് മാസത്തിന് ശേഷം രണ്ടാം ഘട്ട ത്തിൽ അടുത്ത 2000 പേരുടെ പരിശീലനവും ആരംഭിക്കും. ഈ പരിശീലന പദ്ധതികളുടെ ഭാഗമാകാനായി താത്പര്യമുള്ള കുട്ടികളിൽ നിന്നും അപേക്ഷ സമയബന്ധിതമായി ലഭിക്കാൻ ഒരു ക്യാമ്പെയ്ൻ നടത്താൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്.

ഫെബ്രുവരി 8 മുതൽ 15 വരെയുള്ള ഒരാഴ്ചക്കാലമാണ് തൊഴിൽ നൈപുണ്യ പരിശീലനത്തിന് താത്പര്യമുള്ള കുട്ടികളുടെ രജിസ്ട്രേഷൻ നടത്താൻ ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിൽ പരിശീലനം നേടാൻ താത്പര്യമുള്ളവർ ഡി ഡി യൂ ജി കെ വൈ പദ്ധതിയുടെ കൗശൽ പഞ്ചി എന്ന മൊബൈൽ ആപ്ലിക്കേഷനിലോ കൗശൽ പഞ്ചി വെബ്സൈറ്റ് മുഖേനയോ രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. ഈ രജിസ്ട്രേഷൻ പ്രക്രിയ സുഗമമാക്കാനായി കുടുംബശ്രീയുടെ എല്ലാ സി.ഡി.എസുകളിലും കമ്മ്യൂണിറ്റി മൊബിലൈസർമാരുണ്ട്. താത്പര്യമുള്ള എല്ലാ കുട്ടികൾക്കും കൗശൽ പഞ്ചി

ആപ്ലിക്കേഷനെക്കുറിച്ചുള്ള വിശദാംശങ്ങൾ കമ്മ്യൂണിറ്റി മൊബിലൈസർമാർ നൽകുകയും രജിസ്ട്രേഷൻ നടത്തുകയുമാണ് ക്യാമ്പെയ്ന് മുഖേന ചെയ്യുക. രണ്ടാംഘട്ട പരിശീലനത്തിനായി കൗശൽ പഞ്ചി മുഖേന രജിസ്റ്റർ ചെയ്തവരെ തെരഞ്ഞെടുക്കാനാണ് ഞങ്ങളുദ്ദേശിക്കുന്നത്.

യുവകേരളം പദ്ധതിയുടെ ഭാഗമാകാൻ താത്പര്യമുള്ള കുട്ടികളേവരും അതാത് സി.ഡി.എസ് ഓഫീസിൽ ബന്ധപ്പെടുക. ക്യാമ്പെയ്ന് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ലേഖനം അടുത്തയാഴ്ച ക്യാമ്പെയ്ന് ആരംഭിക്കുന്നതോടെ നൽകാം.